## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 738 — 02.12.2015 -ൽ മറുപടിക്ക്

# സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ലാബുകൾ വിവിധ രോഗ നിർണയ ടെസ്റ്റുകൾക്ക് അന്യായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എല്ലാ സ്വകാര്യ ലാബുകളുടെയും വിവിധ ടെസ്റ്റുകളുടെ ഫീസ് നിരക്ക് ഏകീകരിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ ഓരോ ടെസ്റ്റും അതിന് ഫീസായി ഈടാക്കാവുന്ന നിരക്ക സംബന്ധിച്ചും ഉള്ള വിശദാംശം നൽകാമോ ; | (ബി) ഇല്ല; ബാധകമല്ല. |
| (സി) ഫീസ് നിരക്കുകൾ ഏകീകരിച്ചു നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ? | (സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, മറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്ക് വേണ്ടി 'ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ